## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2335** **18/03/2015-ൽ മറുപടിയ്ക്ക്**

### ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ<br>" കെ. വി. വിജയദാസ്<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. കെ. രാധാകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലയിൽ ആരോഗ്യം, വിദ്യാഭ്യാസം മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ച തുകയും അതത് മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയും അവലോകനം നടത്തി യിട്ടുണ്ടോ; വിശദമാക്കാമോ; നിക്ഷേപ പ്രയോജന വിശകലനം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. പട്ടികവർഗ്ഗ പദ്ധതി വിഹിതത്തിന്റെ വിനിയോഗം ഉറപ്പ് വരുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായും വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടമാർ, ജില്ലാതല ഓഫീസർമാർ എന്നിവർ മെമ്പർ മാരായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാമാസവും കുറഞ്ഞത് ഒരു തവണയെങ്കിലും ടി കമ്മിറ്റി യോഗം ചേരുകയും പട്ടികവർഗ്ഗ പദ്ധതി ഫണ്ട് വിനിയോഗം ആയത് യഥാർത്ഥ ഗുണഭോക്താക്കളിൽ തന്നെയാണ് എത്തി ച്ചേരുന്നതെന്നും പദ്ധതികളുടെ പുരോഗതിയും വിശകലനം നടത്താറുമുണ്ട്. ഇതിനു പുറമേ ജില്ലാ തലത്തിൽ ജില്ലാകളക്ടർ ചെയർമാനായ സമിതിയാണ് ജില്ലകളിൽ കോർപ്പസ് ഫണ്ടിന്റെയും മറ്റു പദ്ധതികളുടെയും വിനിയോഗവും പുരോഗതിയും വിലയിരു ത്തുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ ഒരു പ്ലാനിംഗ് & മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയും പട്ടികവർഗ്ഗ വികസന പ്രിൻസിപ്പൽ സെക്രട്ടറിയും വീഡിയോ കോൺഫറൻസ് മുഖേന ജില്ലാകളക്ടർ മാരുമായും ജില്ലാതല ഓഫീസർ മാരുമായും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താറുണ്ട്. വിവിധ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ ക്കാരുടെ അടിസ്ഥാന സൗകര്യങ്ങളിലും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കോടിക്കണക്കിന് രൂപ ചെലവിട്ട് കഴിയുമ്പോഴും ആദിവാസികൾ പഴയ നിലയിൽതന്നെ നിൽക്കുന്നു എന്ന വിവിധ മേഖലയിലുള്ള പഠനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ആദിവാസികളുടെ പുരോഗതിയ്ക്കായി വിനി യോഗിക്കുന്ന പണം ചോരുന്ന വഴികൾ ഏതൊക്കെയാണെന്ന് വിലയിരുത്തി യിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ആദിവാസികളുടെ പുരോഗതിക്കായി വിനി യോഗിക്കുന്ന പണം ചോരാതിരിക്കുന്നതിനായി മുകളിൽ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**